സമർപ്പിച്ചിട്ടുണ്ട്. രാസവസ്തുക്കൾ മൂലമുണ്ടാകുന്ന ദുരന്തങ്ങളെ ചെറുക്കുന്നതിനായി സംസ്ഥാനതല വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. ഈ രംഗത്ത് പഠനങ്ങൾ നടത്തിയ പ്രഗൽഭരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശിൽപ്പശാലയിലെ നിരീക്ഷണങ്ങൾ ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാൻ സഹായകമാകും. കേരളത്തിലെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും ദുരന്തനിവാരണ പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി സുരക്ഷാ ക്ലബ്ബുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായുള്ള പ്രവർത്തനങ്ങളും അതോറിറ്റിയുടെ പരിഗണനയിലുണ്ട്. യുവജനക്ഷേമ ബോർഡിന്റെ സഹകരണത്തോടെ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ജില്ലാ ഭരണകൂടത്തെ സഹായിക്കുന്നതിലേയ്ക്കായി യുവകർമ്മ സേനകൾ ഓരോ പഞ്ചായത്തിലും രൂപീകരിക്കുവാനും ഉദ്ദേശിക്കുന്നു. ദുരന്തനിവാരണ രംഗത്ത് മാധ്യമങ്ങളുടെ പ്രാധാന്യം പരിഗണിച്ച് അച്ചടി മാധ്യമങ്ങളിലെയും ദൃശ്യമാധ്യമങ്ങളിലെയും പത്ര പ്രവർത്തകർക്ക് മാധ്യമ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര ദുരന്ത പ്രതികരണസേനയുടെ കോഴിക്കോട് കേന്ദ്രം

158 (3929) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ സ്ഥിരം കേന്ദ്രം കോഴിക്കോട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ ഒരു സ്ഥിരം യൂണിറ്റ് കോഴിക്കോട് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കേന്ദ്രം ആരംഭിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ അമ്പായത്തോട് വില്ലേജിൽ രണ്ട് ഏക്കർ സ്ഥലം സർക്കാർ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ സ്ഥലത്ത് സേനയെ അടിയന്തിരമായി വിന്യസിക്കാൻ കെട്ടിടങ്ങൾ ഇല്ലാത്തതിനാൽ ഈ വർഷം സേനയെ വിന്യസിക്കുന്നതിന് കോഴിക്കോട് ജില്ലയിലെ വെങ്ങേരി അഗ്രിക്കൾച്ചറൽ ഹോൾസെയിൽ മാർക്കറ്റ് ഡോർമെട്രിയിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ കാലവർഷക്കാലത്തുതന്നെ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്കായി എൻ.ഡി.ആർ.എഫ്. സേനയുടെ ഒരു യൂണിറ്റ് എത്തിച്ചേർന്നിട്ടുണ്ട്.

വരൾച്ചാ ദുരിതാശ്വാസം

159 (3930) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വരൾച്ചാ ദുരിതം നേരിൽ കാണാനായി കേന്ദ്രസംഘം ഏതെല്ലാം ജില്ലകളും സ്ഥലങ്ങളും സന്ദർശിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര കോടി രൂപയുടെ നാശനഷ്ടം വരൾച്ചമൂലം സംസ്ഥാനത്തുണ്ടായതായി സംഘം വിലയിരുത്തി എന്ന് വ്യക്തമാക്കുമോ ;

(സി) എത്ര കോടി രൂപ സംഘം കേന്ദ്രത്തോട് ശുപാർശ ചെയ്തുവെന്ന് വ്യക്തമാക്കാമോ ;

(ഡി) എത്ര കോടി രൂപ സംസ്ഥാനം കേന്ദ്രത്തോട് വരൾച്ചാ ദുരിതാശ്വാസത്തിന്റെ പേരിൽ ആവശ്യപ്പെട്ടിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ 2010 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലുണ്ടായ അതിരൂക്ഷമായ വരൾച്ചയെ നേരിടുന്നതിന് 164 കോടി രൂപ കേന്ദ്രസഹായം അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്രസർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര കൃഷി മന്ത്രാലയം ജോയിന്റ് സെക്രട്ടറി ശ്രീ. അത്തനുപൂർക്കായസ്തയുടെ നേതൃത്വത്തിലുള്ള കേന്ദ്രസംഘം സംസ്ഥാനത്തെ പാലക്കാട്, കോഴിക്കോട്, കാസർഗോഡ്, എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. പ്രത്യേകിച്ച് വേനൽമഴയെ തുടർന്ന് ഇടുക്കി ജില്ലയിലുണ്ടായ അസാധാരണ പ്രതിഭാസമായ മഞ്ഞുമഴ പെയ്ത ചെകുത്താൻമല കേന്ദ്ര സംഘം സന്ദർശിച്ചു. അതുപോലെ അസാധാരണമായ ഇടിമിന്നൽമൂലം 7 പേർ മരണപ്പെട്ട പത്തനംതിട്ട ജില്ലയിലും കേന്ദ്രസംഘം സന്ദർശനം നടത്തുകയുണ്ടായി.

(ബി&സി) ഇതുസംബന്ധിച്ച അറിയിപ്പൊന്നും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

(ഡി) 2010-ൽ മാർച്ച് മുതൽ മേയ് വരെ സംസ്ഥാനത്ത് അനുഭവപ്പെട്ട അതിരൂക്ഷമായ വരൾച്ചയെ നേരിടുന്നതിന് മാനദണ്ഡപ്രകാരം കണക്കാക്കിയ 164 കോടി രൂപ കേന്ദ്രസഹായമായി അഭ്യർത്ഥിച്ചിരുന്നു.

കാലവർഷക്കെടുതിയുടെ നഷ്ടപരിഹാരം

160 (3931) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിയിൽ സ്ഥാവര ജംഗമ വസ്തുക്കൾ നഷ്ടപ്പെടുന്നവർക്ക് നിലവിൽ നൽകിവരുന്ന സഹായധനത്തിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇതിൽ വീട് നഷ്ടപ്പെട്ടവർക്ക് നൽകി വരുന്ന നഷ്ടപരിഹാരത്തുക അപര്യാപ്തമാണെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ നഷ്ടപരിഹാരമായി നൽകിവരുന്ന തുക കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly